**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 473** **28-06-2022 - ൽ മറുപടിയ്ക്ക്**

**ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ആരോഗ്യ ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതിനായി നടപ്പിലാക്കാനുദ്ദേശിക്കുന്ന മെഡിസെപ്പ് പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; | (എ) | **01.07.2022 മുതൽ പദ്ധതി നടപ്പിൽ വരുത്തുന്നതിനായുള്ള നടപടിക്രമങ്ങൾ ത്വരിതഗതിയിൽ നടന്നുവരുന്നു.** |
| (ബി) | പദ്ധതി നടപ്പിലാക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം അറിയിക്കുമോ; പദ്ധതി എന്നത്തേക്ക് നടപ്പിലാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ആരംഭിക്കണമെന്ന് പത്താം ശമ്പള പരിഷ്കരണ കമ്മീഷൻ ശിപാർശ ചെയ്തിരുന്നതിന്റെ അടിസ്ഥാനത്തിൽ ബഹു. ധനകാര്യ മന്ത്രി 2017-18 -ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ആരോഗ്യ ഇൻഷ്വറൻസ പദ്ധതി (മെഡിസെപ്) നടപ്പിലാക്കുമെന്ന് പ്രഖ്യാപിക്കുകയും തുടർന്ന് 24.04.2017 -ലെ സർക്കാർ ഉത്തരവ് (പി) നം.54/2017/ധന പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാർ, പെൻഷൻകാർ, കുടുംബ പെൻഷൻകാർ എന്നിവർക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകി ഉത്തരവാകുകയും ചെയ്തു. മെഡിസെപ് പദ്ധതിയുടെ പ്രാരംഭഘട്ടത്തിൽ ടെൻഡർ നടപടികളിലൂടെ തെരഞ്ഞെടുക്കപ്പെട്ട റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്(RGICL) മുഖാന്തിരം 01.08.2019 മുതൽ മെഡിസെപ് പദ്ധതി നടപ്പിലാക്കുന്നതിനായി, 15.07.2019 -ലെ സ.ഉ(പി)നം.87/2019/ധന സർക്കാർ ഉത്തരവ് പ്രകാരം തത്വത്തിൽ അംഗീകാരം നൽകി ഉത്തരവായെങ്കിലും ആർ.എഫ്.പി. (REQUEST FOR PROPOSAL) യിൽ വ്യവസ്ഥ ചെയ്തിട്ടുള്ള എംപാനൽമെന്റ് മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയ സാഹചര്യത്തിൽ പ്രസ്തുത കമ്പനിക്ക് നൽകിയ അവാർഡ് ഓഫ് കോൺട്രാക്ട് റദ്ദ് ചെയ്യേണ്ടി വന്നു. **തുടർന്ന് 15.07.2019 ലെ സ.ഉ(പി)നം.87/2019/** |

ധന ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച മെഡിക്കൽ/ സർജിക്കൽ ചികിത്സാനിരക്കുകൾ പരിഷ്കരിക്കുന്നതിനായി സർക്കാർ, ആരോഗ്യ രംഗത്തെ വിദഗ്ധരെ ഉൾപ്പെടുത്തി രൂപീകരിച്ച മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി, പദ്ധതിയുടെ ചികിത്സാ നിരക്കുകൾ പരിഷ്കരിച്ച് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. കോവിഡ് പ്രതിസന്ധിയ്ക്കിടയിലും ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പദ്ധതി കുറ്റമറ്റ രീതിയിൽ പ്രാവർത്തികമാക്കാൻ പുതുക്കിയ Request For Proposal (RFP) 15.10.2020 -ൽ പ്രസിദ്ധീകരിക്കുകയും റീ-ടെൻഡർ നടപടികൾ ആരംഭിക്കുകയും ചെയ്തു. എന്നാൽ RFP (REQUEST FOR PROPOSAL)യിൽ വ്യവസ്ഥ ചെയ്തിട്ടുള്ള എംപാനൽമെന്റ് മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്ന ഇൻഷ്വറൻസ് കമ്പനികളെ പൊതുതാൽപര്യം സംരക്ഷിക്കുന്നതി -നായി പദ്ധതിയുടെ ടെൻഡർ നടപടികളിൽ നിന്നും ഒഴിവാക്കാവുന്നതാണ് എന്ന അഡ്വക്കേറ്റ് ജനറൽ കേരള നൽകിയ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ ബഹു. മുഖ്യമന്ത്രിയുടെ ഉത്തരവ് പ്രകാരം 15.10.2020 -ൽ പ്രസിദ്ധീകരിച്ച RFP (REQUEST FOR PROPOSAL) റദ്ദാക്കുകയും അഡ്വക്കേറ്റ് ജനറൽ കേരള നൽകിയ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിലുള്ള നിബന്ധനകൾ കൂട്ടിച്ചേർത്തും മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിൽ ശിപാർശ ചെയ്ത ചികിത്സാ നിരക്കുകൾ ഉൾപ്പെടുത്തുകയും ചെയ്തുകൊണ്ടുള്ള പുതുക്കിയ RFP 22.01.2021-ൽ പ്രസിദ്ധീകരിക്കുകയും റീ-ടെൻഡർ നടപടികൾ ആരംഭിക്കുകയും ചെയ്തുവെങ്കിലും അഡ്വക്കേറ്റ് ജനറൽ കേരളയുടെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ RFPയിൽ ഉൾപ്പെടുത്തിയ നിബന്ധനക്കെതിരെ (Special Clause) റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി(RGICL) ബഹു. ഹൈക്കോടതിക്ക് മുൻപാകെ റിട്ട് പെറ്റീഷൻ (Writ Petition)WP(C)No.2938/2021ഫയൽ ചെയ്തു. ആയത് തള്ളിക്കളഞ്ഞു കൊണ്ട് 29.03.2021 -ൽ വിധി വന്നതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ ബിഡ് 07.04.2021-ൽ തുറന്നിരുന്നു. എന്നാൽ ടി വിധിക്കെതിരെ റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി(RGICL) ബഹു. ഹൈക്കോടതിയിൽ അപ്പീൽ (WA.No.615/2021)ഫയൽ ചെയ്യുകയും ആയതിന്മേലുള്ള ഇടക്കാല ഉത്തരവ് പ്രകാരം അപ്പീലിന്മേലുള്ള അന്തിമ വിധിക്ക് വിധേയമായി മാത്രമേ ടെൻഡർ നടപടികൾ പൂർത്തീകരിക്കുവാൻ പാടുള്ളൂ എന്ന് ടി ഉത്തരവിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. എന്നാൽ ടി അപ്പീലിൽ ബഹു.ഹൈക്കോടതി വീണ്ടും

| | | | |
|---|---|---|---|
| | | | **വാദം കേൾക്കുകയും അനുകൂലമായി ഉത്തരവാകുകയും ചെയ്തതിനെ തുടർന്ന് പദ്ധതി നടത്തിപ്പിനുള്ള നടപടികൾ ത്വരിത ഗതിയിൽ ആകുകയും 2022 ജൂലൈ ഒന്നിനു തന്നെ പദ്ധതി നടപ്പിലാക്കുന്നതുമാണ്.** |
| (സി) | പദ്ധതിയിൽ നാളിതുവരെ എം -പാനൽ ചെയ്യപ്പെട്ടിട്ടുള്ള ആശുപതികൾ ഏതെല്ലാമെന്ന് ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ? | (സി) | മെഡിസെപ് പദ്ധതി നടത്തിപ്പിനായി തെരെഞ്ഞെടുത്ത **Oriental Insurance Company Ltd.,** പദ്ധതിയിലുൾപ്പെടുന്ന ആശുപത്രികളുടെ അന്തിമ എംപാനൽമെന്റ് ലിസ്റ്റ് കൈമാറുന്ന മുറയ്ക്ക് കമ്പനിയുമായി പരസ്പര ഉടമ്പടിയിൽ ഏർപ്പെട്ട ശേഷം ഓരോ ജില്ലയിലും മെഡിസെപ് പദ്ധതിയ്ക്കായി തെരെഞ്ഞെടുത്ത ആശുപത്രികളുടെ പട്ടിക പ്രസിദ്ധീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ